CHURCH OF SOUTH INDIA

KARNATAKA CENTRAL DIOCESE

WOMEN'S FELLOWSHIP

സ്ത്രീജനസഖ്യ ഞായറാഴ്ച 2022



THEME

SHE IS FEARFULLY AND WONDERFULLY MADE

ഭയങ്കരവും അതിശയവുമായി അവളെ
സൃഷ്ടിച്ചിരിക്കുന്നു

ആരാധനയ്ക്കുള്ള ആഹ്വാനം

L: കരുതലും ആരാധനയും ഉള്ള ഒരു സമൂഹത്തിലേക്ക് ദൈവം നമ്മെ കൂട്ടി വരുത്തിയിരിക്കുന്നു.

C: **നമുക്ക് ദൈവത്തെ സ്തുതിസ്തോത്രങ്ങളോടെയും സ്നേഹവും നന്ദിയും നിറഞ്ഞ ഹൃദയങ്ങളോടെയും ആരാധിക്കാം.**

L: എല്ലാ ദൈവമക്കളും തങ്ങളുടെ രാജാവായ ദൈവത്തിൽ സന്തോഷിക്കട്ടെ

C: **ഞങ്ങളുടെ ദൈവത്തിൽ ഞങ്ങൾ സന്തോഷിക്കുന്നു. ദൈവത്തിന്റെ വിശുദ്ധനാമത്തിന് ഞങ്ങൾ മഹത്വം നൽകുന്നു.**

L: ഭൂമിയുടെ എല്ലാ അറ്റങ്ങളും കർത്താവിങ്കലേക്കു മടങ്ങി വരുന്നു.

C: **ഭൂമിയിലെ സകല കുടുംബങ്ങളും യഹോവയുടെ സന്നിധിയിൽ ആരാധിക്കും.**

L: ആധിപത്യം യഹോവക്കുള്ളതാണ്, അവൻ ജാതികളെ ഭരിക്കുകയും നമുക്കെല്ലാവർക്കും വേണ്ടതെല്ലാം ദാനമായി നൽകുകയും ചെയ്യുന്നു.

C: **നമ്മുടെ ക്രിസ്തീയ പാരമ്പര്യത്തിനായി നമുക്ക് ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യാം.**

HYMN

സ്തുതിയും ആരാധനയും

L: അനശ്വരനായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു, അങ്ങയുടെ സൃഷ്ടിയെ, ആണിനേയും പെണ്ണിനേയും, അങ്ങ് ഒരുപോലെ കാണുന്നുവല്ലോ. അങ്ങ് പഠിപ്പിക്കുകയും മാതൃക കാണിക്കുകയും ചെയ്തപോലെ, പരസ്പരം ഉള്ള വ്യത്യാസങ്ങൾ മാനിക്കുവാനും, പരസ്പരം അംഗീകരിക്കുവാനും ഞങ്ങളെ സഹായിക്കേണമേ.

C: **സമത്വത്തിന്റെ ദൈവമേ, ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു.**

L: സ്രഷ്ടാവായ ദൈവമേ, അവിടുത്തെ സ്വരൂപത്തിൽ സൃഷ്ടിക്കുകയും, യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്ക് വിളിക്കുകയും, പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കുകയും ചെയ്ത അനുഗ്രഹീതരായ സ്ത്രീസമൂഹത്തിനായി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവമായ അങ്ങയെ ഞങ്ങളുടെ എല്ലാ സമ്പത്തും നൽകി ഞങ്ങൾ ബഹുമാനിക്കുന്നു.

C: **സ്രഷ്ടാവായ ദൈവമേ, അങ്ങയെ ഞങ്ങൾ ബഹുമാനിക്കുന്നു.**

L: ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്ങയുടെ സ്നേഹത്തിന്റെ അഗ്നി ജ്വലിപ്പിക്കണമേ. നിന്റെ ശക്തിയാൽ ഞങ്ങളുടെ ബലഹീനതയെ ശക്തിപ്പെടുത്തുകയും ചെയ്യേണമേ. ജ്ഞാനത്തിന്റെ ദൈവമേ, അവിടുത്തെ സ്നേഹത്താലും കരുണയാലും ഞങ്ങളെ നിറച്ചിരിക്കുന്നതിനാൽ ഞങ്ങളുടെ ഹൃദയങ്ങളെ ഉയർത്തി അങ്ങയെ സ്തുതിക്കുന്നു.

C: **ജ്ഞാനത്തിന്റെ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.**

പാപസ്വീകാരം

അനുതാപത്തിനായുള്ള ആഹ്വാനം (അൽപ്പനേരത്തെ നിശബ്ദതയ്ക്ക് ശേഷം താഴെപ്പറയുന്ന ഗാനം പ്രാർത്ഥനാപൂർവ്വം ആലപിക്കുക)

Amazing grace how sweet the sound that saved a wretch like me
I once was lost but now am found was blind but now I see
Twas grace that taught my heart to fear and grace my fears relieved
How precious did that grace appear The hour I first believed

L: സർവശക്തനായ ദൈവമേ, ഞങ്ങൾ അങ്ങയുടേതാണെന്നു പലപ്പോഴും മറന്നു പോകയും, ഞങ്ങളുടെ സ്വന്ത ഇഷ്ടം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു പോയ കുറ്റങ്ങൾ ഞങ്ങൾ സമ്മതിക്കുന്നു. നിന്റെ മഹത്വത്തിന് സാക്ഷ്യം വഹിക്കുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടു പോയി എന്ന് സമ്മതിക്കുകയും എല്ലാറ്റിനുമായി ഞങ്ങൾ ക്ഷമ ചോദിക്കുകയും ചെയ്യുന്നു.

C: **ദൈവമേ, അങ്ങു ഞങ്ങൾ ഓരോരുത്തരോടും വ്യക്തിപരമായി ക്ഷമിക്കണമേ.**

L: പരിശുദ്ധ ദൈവമേ, അങ്ങയിൽ നിന്ന് മറച്ചുവെക്കാൻ ഞങ്ങൾ ശ്രമിച്ച എല്ലാ തെറ്റുകളും ഏറ്റുപറഞ്ഞ് ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ പ്രവേശിക്കുന്നു. ഞങ്ങളുടെ പാപങ്ങളിൽ നിന്ന് ഞങ്ങളെ സൗഖ്യമാക്കേണമേ. നിന്റെ കോപത്തിൽ ഞങ്ങളെ ശാസിക്കരുതേ. ഞങ്ങൾ നിന്നിൽ നിന്നും അകന്നു പോയി എന്ന് സമ്മതിക്കുന്നു.

C: **സ്നേഹവാനായ ദൈവമേ, ഞങ്ങളോട് ക്ഷമിക്കേണമേ.**

L: ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ദൈവമേ, സഹജീവികളോടുള്ള ഞങ്ങളുടെ ഹൃദയകാഠിന്യവും ക്ഷമിക്കാത്ത ആത്മാവും ഞങ്ങൾ ഏറ്റുപറയുന്നു.

C: **ദൈവമേ, ഞങ്ങളുടെ സ്നേഹമില്ലായ്മ ഞങ്ങളോട് ക്ഷമിക്കേണമേ.**

L: കരുണയുള്ള ദൈവമേ, ലോകത്തിൽ അവിടുത്തെ അത്ഭുതത്തെ ദർശിക്കുന്നതിലും, അംഗീകരിക്കുന്നതിലും നിന്ന് ഞങ്ങളെ തടയുന്ന ആത്മീയ അന്ധത, നന്ദികേട് എന്നിവ ഞങ്ങളോട് ക്ഷമിക്കണമേ.

C: **സ്രഷ്ടാവായ ദൈവമേ, ഞങ്ങളോട് ക്ഷമിക്കേണമേ.**

L: വലിയവനായ ദൈവമേ, ആവശ്യക്കാർക്ക് അവരുടെ ആവശ്യമുള്ള സമയങ്ങളിൽ ശുശ്രൂഷ നൽകാൻ ഞങ്ങൾ പലപ്പോഴും മറന്നു പോയിട്ടുണ്ട്. ഞങ്ങൾ സ്വയം കേന്ദ്രീകരിക്കുകയും, ഞങ്ങളുടെ സ്വാർത്ഥതയിൽ ദരിദ്രരെക്കുറിച്ച് ആശങ്കപ്പെടുന്നതിൽ പരാജയപ്പെടുകയും ചെയ്തു പോയി.

C: **കരുണയുള്ള ദൈവമേ, ഞങ്ങളോട് ക്ഷമിക്കേണമേ.**

പാപമോചന പ്രഖ്യാപനം:

L: ദൈവം നമ്മുടെ നിലവിളി കേൾക്കുന്നു, നമ്മുടെ പോരാട്ടങ്ങളിൽ നമ്മെ സഹായിക്കാൻ ആഗ്രഹിക്കുന്നു. ദൈവം നമ്മുടെ ഏറ്റുപറച്ചിലുകൾ കേൾക്കുകയും നമ്മോട് ക്ഷമിക്കുകയും ചെയ്യുന്നു. പരിവർത്തനത്തിനായുള്ള ദൈവത്തിന്റെ ആഗ്രഹം നമുക്ക് ഗൗരവമായി എടുക്കാം, വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രവൃത്തികളിലൂടെ ദൈവത്തിന്റെ ക്ഷമയോട് പ്രതികരിക്കാനുള്ള വഴികൾ കണ്ടെത്താം.

നിങ്ങളുടെ മൂല്യത്തെക്കുറിച്ച് നിങ്ങളെ ഓർമ്മിപ്പിക്കുന്നതിനുള്ള നന്ദി പ്രാർത്ഥന

L: പ്രിയ കർത്താവേ, ഭയത്തോടെയും അത്ഭുതകരമായും ഞങ്ങളെ ഓരോരുത്തരെയും സൃഷ്ടിച്ചതിന് നന്ദി കരേറ്റുന്നു.

C: **ദൈവമേ ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു.**

L: അങ്ങയുടെ ദൃഷ്ടിയിൽ ഞങ്ങൾക്ക് മൂല്യം നൽകിയതിന് നിനക്ക് നന്ദി അർപ്പിക്കുന്നു. അങ്ങ് ഉദ്ദേശിച്ചതുപോലെ അദ്വിതീയമായി ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ.

C: **ദൈവമേ ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു.**

L: ദെബോറയെപ്പോലുള്ള വനിതാ ജഡ്ജിമാർക്കും, യിസ്രായേലിന്റെ ചരിത്രം മുന്നോട്ടുകൊണ്ടുപോയ ജായേലിനെപ്പോലുള്ള യോദ്ധാക്കൾക്കും ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു

C: **ദൈവമേ ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു.**

L: സിപ്പോറ, അബിഗയിൽ, എസ്തേർ രാജ്ഞി, രൂത്ത്, മേരി തുടങ്ങിയ സ്ത്രീകളുടെയും, നൂറ്റാണ്ടുകൾക്കുമുമ്പ് മറ്റുള്ളവരെ രക്ഷിക്കാൻ പെട്ടെന്നു തീരുമാനമെടുത്ത നിരവധി സ്ത്രീകളുടെയും ധൈര്യത്തിന് ഞങ്ങൾ കർത്താവിന് നന്ദി പറയുന്നു.

C: **ദൈവമേ ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു.**

L: ഉത്സാഹത്തോടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത മുതിർന്ന സ്ത്രീകളുടെ ശുശ്രൂഷയ്ക്കായി

C: **ദൈവമേ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു, അവരുടെ ജീവിതവും സഭയ്ക്കു വേണ്ടിയുള്ള ശുശ്രൂഷയ്ക്കുള്ള അവരുടെ പ്രതിബദ്ധതയും ഞങ്ങൾ ആഘോഷിക്കുന്നു.**

L: അങ്ങയുടെ രാജ്യത്തിന്റെ അവകാശികളും ക്രിസ്തുവിനോടൊപ്പം സഹ അവകാശികളും എന്ന നിലയിൽ സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ. യേശുവിന്റെ നാമത്തിൽ തന്നേ, ആമേൻ.

C: ***(All join in response)***

കൊവിഡ് മഹാമാരിയുടെ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ,
ജീവിതത്തിൽ നടന്ന എല്ലാത്തിനും ദൈവത്തിനു നന്ദി കരേറ്റുന്നു. ഈ ദിവസം ഞങ്ങൾ ഞങ്ങളുടെ ജീവിതങ്ങൾ അങ്ങയുടെ സന്നിധിയിൽ പുതുക്കി സമർപ്പിക്കുന്നു, അങ്ങ് എന്നും സിംഹാസനത്തിൽ ഇരിക്കുന്നവൻ ആകുന്നു. നമ്മേ വിളിച്ചിരിക്കുന്ന ക്രിസ്തുവിന്റെ ശുശ്രൂഷയിൽ ലിംഗവത്യാസം ഇല്ലാതെ, സ്ത്രീകളും പുരുഷന്മാരും തുല്യ പങ്കാളികളായി മുന്നോട്ട് പോകുന്നതിനു ദൈവം നമ്മേ സഹായിക്കട്ടെ. (all join response on page 5)

ഒന്നാം പാഠം: പുറപ്പാട് 4: 24-26, ന്യായാധിപന്മാർ 4: 14-26

രണ്ടാം പാഠം: എഫെസ്യർ 5: 28-29

സുവിശേഷം: ലൂക്കൊസ് 7: 36-48

പ്രസംഗം

വിശ്വാസ പ്രഖ്യാപനം

സ്വർഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവൻ നമ്മുടെ അമ്മയുടെ ഗർഭപാത്രത്തിൽ നമ്മെ കൂട്ടിയിണക്കി, നന്മയുടെയും മൂല്യത്തിന്റെയും ശക്തിയുടെയും ലക്ഷ്യത്തിനായി നമ്മെ സൃഷ്ടിക്കുകയും രൂപകൽപന ചെയ്യുകയും ചെയ്തു.

ലോകത്തിന്റെ രക്ഷിതാവും, നമ്മുടെ വിശ്വാസത്തിന്റെ ഉറവിടവും പൂർത്തീകരിക്കുന്നവനുമായ യേശുക്രിസ്തുവിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവന്റെ കാൽച്ചുവടുകൾ പിന്തുടരാൻ, ചൂഷണപരവും അടിച്ചമർത്തുന്നതുമായ എല്ലാ വ്യവസ്ഥിതികളെയും ചെറുക്കാൻ, സ്നേഹവും ക്ഷമയും പ്രഖ്യാപിക്കാൻ മാന്യതയോടും സമത്വത്തോടും കൂടി മനുഷ്യസമൂഹത്തെ കെട്ടിപ്പടുക്കാൻ നമ്മെ വിളിച്ചിരിക്കുന്നു.

തകർന്ന ബന്ധങ്ങൾ സമഗ്രതയുടെയും സമാധാനത്തിന്റെയും ആത്മാവോടെ പുനഃസ്ഥാപിക്കുന്നത് തുടരുന്ന പരിശുദ്ധാത്മാവിൽ ഞങ്ങൾ വിശ്വസിക്കുന്നു.

അസമത്വത്തിന്റെ എല്ലാ വ്യത്യാസങ്ങളും ഇല്ലാതാകുകയും സ്നേഹപ്രവൃത്തികളിലൂടെ എല്ലാവരും ദൈവത്തിന്റെ ഭരണം അനുഭവിക്കുകയും ലോകത്തിന്റെ അധ്വാനവും സമ്പത്തും നീതിപൂർവം പങ്കിടുകയും ചെയ്യുന്ന ഒരു സമാധാനകാലത്തിനായി ഞങ്ങൾ കാത്തിരിക്കുന്നു. **ആമേൻ**.

മധ്യസ്ഥ പ്രാർത്ഥന

L: നമ്മുടെ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും അക്രമവും ചൂഷണവും നേരിടുന്ന സ്ത്രീകളുടെ വിമോചനത്തിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

C: **കൃപയുള്ള ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

L: ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് പെൺകുട്ടികൾ മോശമായ അവസ്ഥയിലാണ്. അവർ കടത്തപ്പെടുന്നു, ചൂഷണം ചെയ്യപ്പെടുന്നു, ഹാനികരമായ സാംസ്കാരിക സമ്പ്രദായങ്ങളാൽ ബാധിക്കപ്പെടുന്നു. വിദ്യാഭ്യാസം, സാമ്പത്തിക അവസരങ്ങൾ, ബന്ധങ്ങൾ എന്നിവ നഷ്ടപ്പെടുന്നു. അവരുടെ ദുരിതത്തിൽ നിന്ന് അവരെ മോചിപ്പിക്കേണമേ.

C: **കൃപയുള്ള ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

L: ഗ്രാമീണ സ്ത്രീകൾ ഉൽപ്പാദന, പ്രത്യുൽപാദന, സാമൂഹിക മേഖലകളിൽ മൂന്നിരട്ടി ജോലിഭാരം അനുഭവിക്കുന്നു. സ്ത്രീകളും പെൺകുട്ടികളും കൂടുതൽ സമയം ജോലി ചെയ്യുന്നതിനാൽ അവർക്ക് വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ സ്കൂളിൽ പോകാനോ സമയം കുറവാണ്. അവർക്കു തുല്യ അവസരങ്ങൾ ലഭിക്കുന്നതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

C: **കൃപയുള്ള ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

L: ദൈവം തന്റെ പെൺമക്കളെ സുന്ദരികളും ശക്തരും ബഹുമാനത്തിന് യോഗ്യരുമായി കാണുന്നു. എന്നാൽ ദശലക്ഷക്കണക്കിന് സ്ത്രീകളും പെൺകുട്ടികളും ബഹുമാനിക്കപ്പെടുന്നില്ല. ലോകമെമ്പാടും 90 രാജ്യങ്ങളിൽ

ലിംഗവിവേചനം തൊഴിൽ നിയമങ്ങളിൽ തന്നെ ചേർക്കപ്പെട്ടിട്ടുണ്ട്. ഇത്തരം വിവേചനത്തിൽ നിന്ന് അവരെ മോചിപ്പിക്കണമേ.

C: **കൃപയുള്ള ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

L: COVID-19 പാൻഡെമിക്കിന് ശേഷം സ്ത്രീകളുടെയും പെൺകുട്ടികളുടെയും ബുദ്ധിമുട്ടുകൾ വർദ്ധിച്ചിരിക്കുന്നു. അവരുടെ ജീവിതം മെച്ചപ്പെടുത്താൻ രൂപകൽപ്പന ചെയ്ത പല സുപ്രധാന പരിപാടികളും തടസ്സപ്പെട്ടു. വിനാശകരമായ രീതികളിൽ നിന്ന് പിന്തിരിയാനും അവരുടെ പെൺകുഞ്ഞുങ്ങളെ എല്ലാത്തരം ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കാനും കുടുംബങ്ങളെ പ്രേരിപ്പിക്കണമേ.

C: **കൃപയുള്ള ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

L: സഭയിൽ നേതൃത്വത്തിന്റെയും അധികാരത്തിന്റെയും സ്ഥാനങ്ങൾ വഹിക്കുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു, ഞങ്ങൾ ഓരോരുത്തരും ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ടതായി പ്രതിഫലിപ്പിക്കുന്നതിന് പങ്കാളിത്തത്തോടെ ഒരുമിച്ച് പ്രവർത്തിക്കുവാൻ അവരെ സഹായിക്കണമേ.

C: **കൃപയുള്ള ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

KCD ലെ സ്ത്രീകളുടെ കൂട്ടായ്മയ്ക്കും അവരുടെ സമർപ്പണത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു, സഭയുടെ ശുശ്രൂഷയിൽ വിമോചന പ്രക്രീയയിൽ സ്ത്രീകളുടെ പങ്കാളിത്തവും ശാക്തീകരണവും

ഉറപ്പാക്കണം. കെസിഡിയിലെ നമ്മുടെ ബിഷപ്പ് റൈറ്റ്. റവ. ഡോ. പ്രസന്നകുമാർ സാമുവൽ, പ്രൊഫ.ഡോ. എസ്തർ പ്രസന്ന എന്ന ചർച്ച് ഓഫ് സൗത്ത് ഇന്ത്യ വിമൻസ് ഫെല്ലോഷിപ്പ് പ്രസിഡന്റ്, കെസിഡി സ്ത്രീജനസഖ്യം, കെസിഡി സ്ത്രീജനസഖ്യത്തിന്റെ ഭാരവാഹികൾ, വനിതാ പ്രസ്ബൈറ്റർമാർ, ഡീക്കൺമാർ എന്നിവരുടെ ആത്മാർഥമാർത്ഥവും നിസ്വാർത്ഥവുമായ സേവനത്തിനായി, നേതൃത്വത്തിനായി, പ്രോത്സാഹനത്തിനായി ദൈവത്തെ സ്തുതിക്കാം; പ്രീ-സ്കൂൾ യൂണിറ്റ്, തെയ്യാൽ ക്ലാസുകൾ, സ്നേഹജ്യോതി എന്നീ പ്രോജക്ടുകൾ അനേകർക്ക് അനുഗ്രഹം ആയിത്തീരുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. എല്ലാ സഭയിലെ സ്ത്രീജനസഖ്യവും പ്രാർത്ഥനയിൽ വേരൂന്നി സഹകരണത്തോടും സജീവവുമായ പങ്കാളിത്തത്തോടും ആത്മാർഥതയോടും മുൻപോട്ട് പോകുന്നതിനായി നമുക്കു പ്രാർത്ഥിക്കാം.

C: **കൃപയുള്ള ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

അറിയിപ്പുകൾ

സ്ത്രീജന സഖ്യ റിപ്പോർട്ട്

Offertory Hymn

Closing Prayer

ആശീർവാദം

ദൈവത്തിന്റെ പുത്രീപുത്രന്മാരായി വിശ്വാസത്തോടെ പോകുവിൻ. നമ്മുടെ മാതാവും പിതാവുമായ ദൈവം നിങ്ങളെ കരം പിടിച്ച് നടത്തട്ടെ. ദൈവമായ കർത്താവ് നിങ്ങളുടെ വഴികളെ പ്രകാശിപ്പിക്കട്ടെ. പരിശുദ്ധാത്മാവായ ദൈവം നിങ്ങളെ സകല സത്യത്തിലേക്കും നയിക്കട്ടെ. **ആമേൻ.**